# വിശ്വാസിയും പുതുവർഷവും

സംഭവ ബഹുലമായ ഒരു വർഷം കൂടി കടന്നു പോയി. ദൈവസന്നിധിയിൽ എടുത്ത പല തീരുമാനങ്ങളും നടപ്പിലാക്കാൻ സാധിച്ചില്ല. കഴിഞ്ഞ വർഷത്തിൽ ദൈവം നമ്മെ അത്ഭുതകരമായി നടത്തി, നമ്മുടെ പ്രതീക്ഷകൾക്ക് വിപരീതമായി പലതും സംഭവിച്ചു. എല്ലാത്തിന്റെയും നടുവിൽ ഒരു പുതിയ വർഷത്തിന്റെ പൊൻപുലരി കാണുവാൻ ദൈവം നമ്മോടു കാട്ടിയ കരുണ ഓർത്തു ദൈവത്തെ മഹത്വപ്പെടുത്താം.

ഈ പുതു വർഷത്തിൽ എന്ത് സംഭവിക്കും എന്ന പരിഭ്രാന്തിക്കു സ്ഥാനം ഉണ്ടോ? ഇല്ല കാരണം നാം ദൈവകരങ്ങളിലാണ്. ദൈവം അറിയാതെ നമുക്ക് ഒന്നും സംഭവിക്കുകയില്ല. നമ്മുടെ തലയിലെ ഒരു തലമുടി താഴെ വീഴണം എങ്കിൽ ദൈവം അറിഞ്ഞേ സംഭവിക്കൂ. ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ ആയവനാണ് നമ്മുടെ ദൈവം. അവൻ നമ്മുടെ കരത്തിൽ പിടിച്ചിരിക്കുന്നു. “നിന്റെ ഭാരം എന്റെ മേൽ വച്ചുകൊൾക ഞാൻ നിന്നെ പുലർത്താം” എന്നു പറഞ്ഞവനാണ് നമ്മുടെ ദൈവം. ദൈവത്തിൽ പൂർണ്ണമായി സമർപ്പിച്ചു, അവനിൽ പൂർണ്ണമായി ആശ്രയിച്ചു പുതുവർഷം നമുക്ക് ആരംഭിക്കാം.

ഒരു ആത്മീയന്റെ പ്രതീക്ഷ എന്തായിരിക്കണം. കഴിഞ്ഞ വർഷത്തേക്കാൾ ഒരു പടി കൂടി ആത്മീയ വളർച്ച പ്രാപിക്കണം. ദൈവത്തിന്റെ കൽപനകൾ അനുസരിച്ചു, ന്യായപ്രമാണത്തിൽ വിശ്വസിച്ചു, അത് ജീവിതത്തിൽ ആചരിക്കുവാനായിട്ടു സാധിക്കണം. ന്യായപ്രമാണം കേൾക്കുന്നവരല്ല ദൈവസന്നിധിയിൽ നീതിമാന്മാർ, പിന്നെയോ ന്യായപ്രമാണം ആചരിക്കുന്നവർ അത്രേ നീതീകരിക്കപ്പെടുന്നത് (റോമർ 2:13). നാമോ വചനം കേൾക്കുന്നവരായി മാത്രം ഇരുന്നു തങ്ങളെ തന്നെ വഞ്ചിക്കാതെ അത് അനുസരിച്ച് പ്രവർത്തിക്കുന്നവരായും ഇരിപ്പിൻ (യാക്കോബ് 1:22).

നമ്മുടെ വിശ്വാസം പ്രവൃത്തിയിൽ കൊണ്ടുവരേണ്ടത് യഥാർത്ഥ ക്രിസ്ത്യാനിക്ക് അത്യാവശ്യമാണ്. നിർഭാഗ്യവശാൽ ലോകത്തിൽ മുറിവുകളും, കഷ്ടങ്ങളും, പ്രയാസങ്ങളും എപ്പോഴും ഉണ്ടായിരുന്നു. ഇനിയും ഉണ്ടാകുകയും ചെയ്യും. വാസ്തവത്തിൽ ക്രിസ്തീയ ജീവിതത്തിന്റെ ആണിക്കല്ല് യേശുവിന്റെ ശിഷ്യരായിത്തീരുക എന്നതാണ്. ക്രിസ്തു ശിഷ്യനായിത്തീരുവാനുള്ള പ്രതിബദ്ധത ഒരുവനിൽ ഉണ്ടാകുമ്പോൾ ഉപേക്ഷിക്കലിന്റെയും, ത്യാഗത്തിന്റെയും, നഷ്ടമാകുന്നതിന്റെയും പ്രക്രിയയാണ് നടക്കുന്നത്. ആ പ്രക്രിയയുടെ ഭാഗമാണ് കഷ്ടങ്ങളും പ്രയാസങ്ങളും. നാം അതിൽ

പതറിപോകേണ്ടവർ അല്ല. ന്യായപ്രമാണത്തിൽ വിശ്വസിച്ച് അത് നമ്മുടെ ഭവനങ്ങളിലും, ജോലിസ്ഥലങ്ങളിലും പ്രതിഫലിപ്പിക്കുന്നവരായി തീരണം.

ഞാൻ ബലഹീനൻ, കഴിവില്ലാത്തവൻ, എന്നെക്കൊണ്ട് ഇതൊന്നും സാധിക്കുകയില്ല എന്നുള്ള നമ്മുടെ ചിന്തയാണ് നമ്മുടെ നല്ല തീരുമാനങ്ങൾ നടക്കാതിരിക്കുവാൻ മറ്റൊരു കാരണം. നമുക്ക് വഹിക്കാവുന്ന ഭാരം എത്രയാണ് എന്ന് നമ്മുടെ സൃഷ്ടാവിനു അറിയാം. അതുകൊണ്ടു അവന്റെ ബലമുള്ള കരങ്ങളിൽ താണിരുന്നു അപേക്ഷിച്ചാൽ തക്കസമയത്തു നമ്മെ ഉയർത്തുക മാത്രമല്ല നമ്മുടെ ആഗ്രഹങ്ങൾ സഫലമാക്കുകയും ചെയ്യും.

നാഥന്റെ വരവ് വാതിൽക്കൽ ആയിരിക്കുന്നു എന്ന കാര്യം മറക്കാതിരിക്കാം. ഓട്ടക്കളത്തിൽ ഉറക്കം തൂങ്ങുന്നവർക്കു കാര്യമില്ലല്ലോ. നാം എത്ര ആത്മീയ ഉന്നതിയിൽ എത്തിയാലും ഈ ലോകത്തിന്റെ എല്ലാ തന്ത്രങ്ങളുടെയും മേൽ ജയം എടുക്കാനുള്ള ശക്തിയും ബലവും നാം വചനത്തിലൂടെ നേടിയെടുക്കണം. പ്രതിസന്ധികളിൽ തളരാതെ, വചനത്തിലൂന്നി, വിശുദ്ധിയോടെ സ്നേഹിച്ചു, വീഴ്ചകൾ കൂടാതെ ജീവിച്ച്, ഈ വർഷം കർത്താവു വരും എന്ന പ്രത്യാശയോടെ "ആമേൻ കർത്താവേ വേഗം വരേണമേ" എന്ന പ്രാർത്ഥനയോടെ ജീവിക്കാൻ പുതിയ വർഷം അനുഗ്രഹമായിത്തീരട്ടെ.

**സിസ്റ്റർ അനു റ്റോബി ചെങ്ങന്നൂർ 006**